പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3387

14.3.2018 ൽ മറുപടിയ്ക്ക്

# മാനസിക വെല്ലുവിളി അഭിമുഖീകരിക്കുന്നവർക്ക് സമഗ്രമായ പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും<br>വകുപ്പ് മന്ത്രി) |
| (എ) മാനസിക വെല്ലുവിളി അഭിമുഖീകരിക്കുന്ന വരുടെ ജീവിതായോധനത്തിനും സുരക്ഷയ്ക്കുമായി സമഗ്രമായ പാക്കേജ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) മാനസിക വെല്ലുവിളി അഭിമുഖീകരിക്കുന്നവരുടെ ജീവിതായോധനത്തിനും സുരക്ഷയ്ക്കുമായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കുന്നതിനുള്ള കരട് തയ്യാറാക്കിയിട്ടുണ്ട്.<br><br>ബുദ്ധിപരമായ വൈകല്യങ്ങൾ ഉണ്ടാവുന്ന അവസ്ഥകൾ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ മുതൽ അവരുടെ പുനരധിവാസം വരെയുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് അനുയാത്ര പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. 'അനുയാത്ര' പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകളുടേയും, സ്ഥാപനങ്ങളുടേയും സഹകരണത്തോടെയാവും ഈ പദ്ധതി നടപ്പാക്കുന്നത്. സാമൂഹ്യനീതി വകുപ്പായിരിക്കും ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. വിവിധ വകുപ്പുകളും സ്ഥാപനങ്ങളും ഈ മേഖലയിൽ ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ പുനക്രമീകരിക്കുകയും, അധികമായി വേണ്ടിവരുന്ന സംവിധാനങ്ങൾ ഏർപ്പെടുത്തിയുമാണ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്. താഴെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കാൻ ലക്ഷ്യമിടുന്നത്<br><br>1. പ്രതിരോധ പ്രവർത്തനങ്ങളും, വൈകല്യങ്ങൾ നേരത്തെ കണ്ടെത്തലും<br>2. പ്രാരംഭ ഇടപെടലുകൾ<br>3. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ<br>4. നൈപുണ്യ വികസനവും, തൊഴിൽപരമായ പുനരധിവാസവും<br>5. സാങ്കേതിക സഹായ സംവിധാനങ്ങൾ ലഭ്യമാക്കൽ |

| | |
|---|---|
| | 6. സാമൂഹ്യാധിഷ്ഠിത പുനരധിവാസം<br>7. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുള്ള പരിശീലനങ്ങൾ |
| (ബി) പ്രത്യേക പരിഗണനയർഹിക്കുന്നവരുടെ പിന്തുണയ്ക്കായി കെയർ ടേക്കർമാരുടെ സ്നേഹവലയം തീർക്കുമോ; ഇതിനായി കെയർ ടേക്കർമാരുടെ കൂട്ടായ്മ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) സാമൂഹ്യനീതി വകുപ്പിനു കീഴിലെ വിവിധ ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളെ പരിചരിക്കുന്നതിനായി കെയർ ടേക്കർമാരെ നിയോഗിച്ചിട്ടുണ്ട്. ആയത് കൂടാതെ കൂടുതൽ അന്തേവാസികളുള്ള സ്ഥാപനത്തിലും കൂടുതൽ കെയർ ടേക്കർമാരുടെ സേവനം ആവശ്യമായ സ്ഥാപനങ്ങളിലും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന മൾട്ടി ടാസ്ക് കെയർ പ്രൊവൈഡർമാരെ നിയോഗിച്ചിട്ടുണ്ട്. കെയർ ടേക്കർമാരുടെ കൂട്ടായ്മ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ